**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **09-10-2024 - ൽ മറുപടിയ്ക്ക്**

**ചവറ പന്മന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിലെ ചവറ പന്മന കുടിവെള്ള പദ്ധതി (ജലനിധി)യുടെ പൈപ്പുകൾ ദേശീയപാത 66ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിയ്ക്കാത്തതിനാൽ പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പൈപ്പുകൾ മാറ്റി സ്ഥാപിയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുമോ? | (ബി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെയുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് (ചവറ, പന്മന പഞ്ചായത്തുകൾ ഉൾപ്പെടെ) 03/03/2021ൽ സമർപ്പിക്കുകയും, തുടർന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും നൽകിയ കത്ത് പ്രകാരം പുതിയ DSoR നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ചെയ്തിരുന്നു. ടി എസ്റ്റിമേറ്റിൽ ചവറ, പന്മന പഞ്ചായത്തുകളുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ടി പഞ്ചായത്തുകളിൽ പൈപ്പ് സപ്ലൈ ചെയ്തു തുടങ്ങിയിട്ടുണ്ടെങ്കിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവർത്തികൾ ഇനി ആരംഭിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ